# കേരള നിയമസഭ
## 14.02.2013-ലെ മറുപടിക്ക്

<u>തൊഴിൽ വകുപ്പിന്റെ ഓൺലൈനിലാക്കുന്ന സേവനങ്ങൾ</u>

2765 ശ്രീ. പി. ഉബൈദുള്ള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തൊഴിൽ വകുപ്പിന്റെ സേവനങ്ങൾ പൂർണ്ണമായും ഓൺലൈൻ ആയി മാറ്റുന്ന നടപടി എതു ഘട്ടത്തിലാണ്; വിശദാംശം നൽകുമോ;

(ബി) ഏതെല്ലാം സേവനങ്ങളാണ് ഇത്തരത്തിൽ തൊഴിൽ വകുപ്പ് നൽകുന്നത്; വിശദമാക്കുമോ?

(സി) ഇതിനുവേണ്ടിയുള്ള അടിസ്ഥാന സൗകര്യങ്ങൾ എല്ലാ ഓഫീസുകളിലും ലഭ്യമാക്കിയിട്ടുണ്ടോ?

# കേരള നിയമസഭ
# 14.02.2013-ലെ മറുപടിക്ക്

<u>തൊഴിൽ - ഉല്പാദന - സേവന മേഖലകൾ</u>

2766

ശ്രീ. പി. സി. ജോർജ്
 ,, റോഷി അഗസ്റ്റിൻ
ഡോ. എൻ. ജയരാജ്
ശ്രീ. എം. വി. ശ്രേയാംസ് കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വർദ്ധിച്ചുവരുന്ന നൂതന തൊഴിൽ മേഖലകളുടെയും ഉല്പാദന-സേവന മേഖലകളുടെയും ആവശ്യങ്ങൾ സംബന്ധിച്ച് സർക്കാരോ ഇതര ഏജൻസികളോ പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ;

(ബി) പ്രസ്തുത മേഖലകളുടെ ആവശ്യങ്ങൾക്ക് അനുഗുണമായി പുതിയ സംവിധാനങ്ങൾ ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുവോ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ;

(സി) 2013-14 സാമ്പത്തിക വർഷം തൊഴിൽ-ഉല്പാദന-സേവന മേഖലകൾക്ക് പുത്തൻ ഉണർവ്വ് പ്രദാനം ചെയ്യുന്നതിന് എന്തെല്ലാം കർമ്മ പദ്ധതികളാണ് വിഭാവനം ചെയ്തിട്ടുള്ളത്; വിശദാംശങ്ങൾ നൽകുമോ ?

# കേരള നിയമസഭ
# 14.02.2013-ലെ മറുപടിക്ക്

കൺസ്ട്രക്ഷൻ അക്കാഡമി

2767 ശ്രീ. ബെന്നി ബെഹനാൻ
,, ഡൊമിനിക് പ്രസന്റേഷൻ
,, റ്റി. എൻ. പ്രതാപൻ
,, വി. ഡി. സതീശൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കൺസ്ട്രക്ഷൻ അക്കാഡമി രൂപീകരിക്കുന്നതിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങളെന്തെല്ലാം;

(സി) ഏതെല്ലാം ഏജൻസികളുടെ സഹായത്തോടെയാണ് പദ്ധതി നടപ്പാക്കുന്നത് വിശദമാക്കുമോ;

(ഡി) ഇതിനായി എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം?

# കേരള നിയമസഭ
## 14.02.2013-ലെ മറുപടിക്ക്

<u>കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡ്</u>

2768 ശ്രീ. ചിററയം ഗോപകുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളാ കർഷക തൊഴിലാളി ക്ഷേമനിധി ബോർഡിൽ നിന്നും ലഭ്യമാകേണ്ടുന്ന ആനുകൂല്യങ്ങൾ 2 ലക്ഷത്തോളം വരുന്ന അർഹരായവർക്ക് വർഷങ്ങളായി ലഭിച്ചിട്ടില്ലാത്ത സാഹചര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത സാഹചര്യം സംജാതമായിട്ടുള്ളതിന്റെ കാരണം സംബന്ധിച്ച വിശദാംശം അറിയിക്കാമോ;

(സി) സാമ്പത്തികമായ ബാദ്ധ്യതകളാൽ കേരളാ കർഷക തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ പ്രവർത്തനങ്ങൾ സ്തംഭനാവസ്ഥയിലാകുന്നുണ്ടെങ്കിൽ ആയത് പരിഹരിക്കുന്നതിനു വേണ്ടി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(ഡി) ഇല്ലായെങ്കിൽ അടിയന്തിര സാമ്പത്തിക സഹായം അനുവദിച്ച് ബോർഡിന്റെ പ്രവർത്തനങ്ങൾ സജീവമാക്കുമോ?

# കേരള നിയമസഭ
## 14.02.2013-ലെ മറുപടിക്ക്

<u>കശുവണ്ടി തൊഴിലാളി ആശ്വാസ ക്ഷേമനിധി ബോർഡ്</u>

2769 ശ്രീ. എം.എ. ബേബി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരള കശുവണ്ടി തൊഴിലാളി ആശ്വാസ ക്ഷേമനിധി ബോർഡിന്റെ പ്രവർത്തനങ്ങൾ സർക്കാർ പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ബി) പ്രസ്തുത ബോർഡിന്റെ പ്രവർത്തനങ്ങൾ കാലാനുസൃതമായി പരിഷ്ക്കരിക്കുന്നതിനും ക്ഷേമ ധനസഹായങ്ങൾ വർദ്ധിപ്പിച്ചു നൽകുന്നതിനും നടപടി സ്വീകരിക്കുമോ?

## കേരള നിയമസഭ
## 14.02.2013-ലെ മറുപടിക്ക്

<u>തോട്ടം തൊഴിലാളികൾക്കുള്ള കർമ്മ പദ്ധതികൾ</u>

2770 ശ്രീ. എം.വി. ശ്രേയാംസ് കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തോട്ടം മേഖലയിലെ തൊഴിലാളികളുടെ നിലവിലുള്ള ഭൗതീക സാഹചര്യങ്ങൾ വളരെ ശോചനീയമാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) തോട്ടം മേഖലയിലെ തൊഴിലാളികളുടെ സേവന വേതന വ്യവസ്ഥകൾ ആകർഷകമാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ;

(സി) തോട്ടം മേഖലയിലെ തൊഴിലാളികളുടെ ജീവിത സാഹചര്യം മെച്ചപ്പെടുത്തുന്നതിന് എന്തെല്ലാം കർമ്മ പദ്ധതികൾ നടപ്പാക്കുമെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 14.02.2013-ലെ മറുപടിക്ക്

തോട്ടം തൊഴിലാളികൾക്കുള്ള ഭവന നിർമ്മാണ പദ്ധതി

2771 ശ്രീ. ലൂഡി ലൂയിസ്
,, അൻവർ സാദത്ത്
,, വർക്കല കഹാർ
,, പാലോട് രവി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ തോട്ടം തൊഴിലാളികൾക്കുള്ള ഭവന നിർമ്മാണ പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയാണ് വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഏതെല്ലാം വിഭാഗം തോട്ടം തൊഴിലാളികളാണ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുളളത്; പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിന് കേന്ദ്ര സഹായം അഭ്യർത്ഥിച്ചിട്ടിണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം?

# കേരള നിയമസഭ
# 14.02.2013-ലെ മറുപടിക്ക്

<u>അസംഘടിത തൊഴിലാളികൾക്കായി ക്ഷേമനിധി ബോർഡ്</u>

2772 ശ്രീ. പി. ഉബൈദുള്ള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അസംഘടിത തൊഴിലാളികൾക്ക് ക്ഷേമനിധി ബോർഡ് സ്ഥാപിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ടോ; വിശദാംശം നല്കുമോ;

(ബി) ഇത്തരം ക്ഷേമനിധിയിൽ അനർഹർ കടന്നുകൂടുന്നത് തടയാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശം നല്കുമോ?

# കേരള നിയമസഭ
# 14.02.2013-ലെ മറുപടിക്ക്

<u>ചുമട്ടുതൊഴിലാളി ക്ഷേമനിധി</u>

2773 ശ്രീ. പി. കെ. ഗുരുദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരള ചുമട്ടുതൊഴിലാളി ക്ഷേമനിധി ബോർഡിന്റെ പ്രവർത്തനങ്ങൾ വിലയിരുത്താറുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ;

(ബി) ബോർഡുവഴി വിതരണം ചെയ്യുന്ന ധനസഹായവും വായ്പയും കാലാനുസൃതമായി പരിഷ്ക്കരിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ക്ഷേമനിധി ബോർഡിന്റെ പ്രവർത്തനങ്ങൾ നവീകരിക്കുന്നതിനും ധനസഹായവും വായ്പയും പരിഷ്ക്കരിക്കുന്നതിനും നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 14.02.2013-ലെ മറുപടിക്ക്

<u>ചുമട്ടുതൊഴിലാളി ക്ഷേമനിധി ബോർഡ് നൽകുന്ന ധനസഹായം പുതുക്കി നിശ്ചയിക്കുന്നതിനുള്ള ശുപാർശ</u>

2774

ശ്രീ. പി. കെ. ഗുരുദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചുമട്ടുതൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗമായ തൊഴിലാളിക്ക് സേവനത്തിനിടയിൽ അപകടംമൂലം സ്ഥിരവും പൂർണ്ണവുമായ ശാരീരികാവശത സംഭവിച്ചതായി മെഡിക്കൽ ബോർഡ് ശുപാർശ ചെയ്താൽ എന്തെല്ലാം സഹായങ്ങളാണ് നിലവിൽ നൽകുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) ചുമട്ടുതൊഴിലാളി ക്ഷേമനിധിയിൽ അംഗത്വമുള്ളയാൾ തൊഴിൽ ചെയ്യുന്നതിനിടയിൽ അപകടപ്പെട്ടാൽ നൽകുന്ന ധനസഹായം പരിമിതമാണെന്നതിനാൽ പുതുക്കി നിശ്ചയിക്കാൻ ശുപാർശ ചെയ്യുമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ഇത്തരത്തിൽ അംഗങ്ങൾക്ക് എത്ര തുക വീതം വിതരണം ചെയ്തിട്ടുണ്ടെന്നും എത്ര അപേക്ഷകൾ തീർപ്പുകല്പിക്കാതെ കിടപ്പുണ്ടെന്നും എത്ര തുക കുടിശ്ശികയുണ്ടെന്നും വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 14.02.2013-ലെ മറുപടിക്ക്

<u>ക്ഷേമനിധി പെൻഷനുകളുടെ കുടിശ്ശിക</u>

2775 ശ്രീ. മോൻസ് ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനഃരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരിത്തിൽ വന്നതിനുശേഷം എത്ര മാസത്തെ ക്ഷേമ പെൻഷൻ നൽകി ഇനി എത്ര മാസത്തെ കുടിശ്ശിക കൊടുത്തു തീർക്കുവാനുണ്ട്;

(ബി) ക്ഷേമപെൻഷനുകൾ കാലാനുസരണമായി പരിഷ്കരിക്കുന്നതിനും ഇതിനർഹരായ തൊഴിലാളികൾ അടയ്ക്കുന്ന തുക വർദ്ധിപ്പിക്കുന്നതിനും അതിന് അനുസരണമായി പെൻഷൻ തുക വർദ്ധിപ്പിക്കുന്നതു സംബന്ധിച്ചും സർക്കാരിന്റെ നയം വ്യക്തമാക്കാമോ;

(സി) തൊഴിലാളികളുടെ ചികിൽസാ ധനസഹായവും അപകട ഇൻഷ്വറൻസും കാലതാമസം ഉണ്ടാകാത്ത വിധത്തിൽ കൊടുത്തുതീർക്കുന്നതിന് സ്വീകരിക്കുന്ന നടപടികൾ വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 14.02.2013-ലെ മറുപടിക്ക്

<u>പരമ്പരാഗത മേഖലയിലെ തൊഴിലാളികൾക്ക്</u>
<u>വേതന വർദ്ധന</u>

T2776 പ്രൊഫ. സി. രവീന്ദ്രനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വേതന വർദ്ധന ആവശ്യപ്പെട്ട് പരമ്പരാഗത മേഖലയിലെ തൊഴിലാളികൾ ഗവൺമെന്റിന് അപേക്ഷ സമർപ്പിച്ചിരുന്നോ;

(ബി) ഏതൊക്കെ വിഭാഗം തൊഴിലാളികളാണ് അപേക്ഷ സമർപ്പിച്ചിരുന്നത്; എത്ര രൂപയുടെ വർദ്ധനവാണ് അവർ ആവശ്യപ്പെട്ടിരുന്നത്;

(സി) എന്നാണ് അപേക്ഷ സമർപ്പിച്ചത്; അതിന്മേലുളള തീരുമാനമെന്തെന്ന് വ്യക്തമാക്കാമോ;

(ഡി) സംസ്ഥാനത്തെ അഖിലേന്ത്യാ സർവ്വീസുകാർക്ക് പ്രതിമാസ വേതനത്തിൽ വീട്ട് ജോലിക്ക് ചെലവഴിക്കുന്നതിനായി കൂടുതൽ തുക അനുവദിക്കണമെന്നാവശ്യപ്പെട്ട് അപേക്ഷ ലഭിച്ചിരുന്നോ; എങ്കിൽ എന്നാണ് ലഭിച്ചത്; ഇതിന്മേലുള്ള തീരുമാനം എന്താണ്; വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 14.02.2013-ലെ മറുപടിക്ക്

<u>നേഴ്സുമാരുടെ സമരത്തെ തുടർന്ന് സ്വകാര്യ ആശുപത്രികളുടെ പ്രവർത്തനം</u>

2777 ശ്രീ. കെ.എം. ഷാജി
'' സി. മമ്മൂട്ടി
'' സി.മോയിൻകുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനഃരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നേഴ്സുമാരുടെ സമരത്തിന്റെ വെളിച്ചത്തിൽ സ്വകാര്യ ആശുപത്രികളുടെ പ്രവർത്തനം നിരീക്ഷിക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽവന്നിട്ടുണ്ടോ;

(ബി) ഇതു സംബന്ധിച്ച് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(സി) നേഴ്സുമാരുടെ സേവന വേതന വ്യവസ്ഥകൾ പരിഷ്ക്കരിക്കുന്ന കാര്യത്തിൽ എന്തെങ്കിലും നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

# കേരള നിയമസഭ
## 14.02.2013-ലെ മറുപടിക്ക്

<u>സ്വകാര്യമേഖലയിലെ നഴ്സിംഗ് ജീവനക്കാരുടെ ജോലി സമയം</u>

2778 ശ്രീ. കെ. രാജു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്വകാര്യമേഖലയിലെ നഴ്സിംഗ് ജീവനക്കാരുടെ ജോലി സമയം സംബന്ധിച്ച് പഠനം നടത്താൻ സർക്കാർ രൂപീകരിച്ച സമിതിയുടെ നിലവിലെ പ്രവർത്തന പുരോഗതി വിശദമാക്കുമോ;

(ബി) സമിതിയുടെ റിപ്പോർട്ടിന്മേൽ അടിയന്തിര നടപടികൾ സ്വീകരിക്കുമോ?

**കേരള നിയമസഭ**
**14.02.2013-ലെ മറുപടിക്ക്**

<u>സ്വകാര്യ ആശുപത്രികളിലെ നഴ്സുമാരുടെ സേവന വേതനം</u>

2779 ശ്രീ. റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യത്തിന്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

ബലരാമൻ കമ്മിറ്റി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സ്വകാര്യ ആശുപത്രികളിലെ നഴ്സുമാരുടെ സേവനവേതന വ്യവസ്ഥകൾ മെച്ചപ്പെടുത്തുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്?

# കേരള നിയമസഭ
## 14.02.2013-ലെ മറുപടിക്ക്

<u>അന്യസംസ്ഥാന തൊഴിലാളികൾക്ക് ലേബേഴ്സ് കാർഡ്</u>

2780 ശ്രീ. എസ്.ശർമ്മ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അന്യ സംസ്ഥാനങ്ങളിൽ നിന്നും വരുന്ന തൊഴിലാളികൾക്ക് തിരിച്ചറിയൽ കാർഡിന്റെ അടിസ്ഥാനത്തിൽ ലേബേഴ്സ് കാർഡ് നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ ;

(ബി) വൈപ്പിൻ നിയോജകമണ്ഡലത്തിലെ അന്യസംസ്ഥാന തൊഴിലാളികളുടെ എണ്ണം എത്രയെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 14.02.2013-ലെ മറുപടിക്ക്

<u>അന്യസംസ്ഥാന തൊഴിലാളികളുടെ ആരോഗ്യസുരക്ഷ</u>

T2781

ശ്രീ. എസ്. ശർമ്മ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അന്യസംസ്ഥാന തൊഴിലാളികളുടെ ആരോഗ്യ സുരക്ഷ സംബന്ധിച്ച് സ്വീകരിച്ചുവരുന്ന നടപടികൾ എന്തൊക്കെയാണ്;

(ബി) അന്യസംസ്ഥാന തൊഴിലാളികളുടെ ബാഹുല്യം മൂലം സംജാതമാകുന്ന പൊതുജനാരോഗ്യ പ്രശ്നങ്ങൾ നേരിടുന്നതിന് സ്വീകരിച്ചിരിക്കുന്ന നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(സി) അന്യസംസ്ഥാന തൊഴിലാളികൾക്ക് പ്രത്യേകമായി ഹെൽത്ത് കാർഡ് നൽകുന്നതിനും അവരെ മോണിറ്ററിംഗ് നടത്തുന്നതിനും നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 14.02.2013-ലെ മറുപടിക്ക്

<u>നഴ്സുമാർക്ക് മിനിമം വേതനം</u>

2782

ഡോ. എൻ. ജയരാജ്
ശ്രീ. പി. സി. ജോർജ്
,, റോഷി അഗസ്റ്റിൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്വകാര്യ ആശുപത്രികളിൽ സേവനം അനുഷ്ഠിക്കുന്ന എല്ലാ നഴ്സുമാർക്കും മിനിമം വേതനം ഉറപ്പുവരുത്താൻ സാധിച്ചുവോ; വിശദാംശങ്ങൾ നൽകുമോ;

(ബി) നഴ്സുമാരുടെ ജോലി സമയം എത്ര മണിക്കൂർ എന്നാണ് നിജപ്പെടുത്തിയിട്ടുള്ളത്; ആയതിന് വിരുദ്ധമായ നിലയിൽ ഏതെങ്കിലും ആശുപത്രികളിൽ ജോലി ചെയ്യിപ്പിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ;

(സി) നഴ്സുമാർക്ക് മിനിമം വേതനം ഉറപ്പുവരുത്തുന്നതിനും അർഹമായ ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിനും വേണ്ടി എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത്; വിശദാംശങ്ങൾ നൽകുമോ ?

# കേരള നിയമസഭ
## 14.02.2013-ലെ മറുപടിക്ക്

<u>നഴ്സുമാരുടെയും പാരാമെഡിക്കല്‍ ജീവനക്കാരുടെയും സേവനവേതന വ്യവസ്ഥകള്‍</u>

2783 ശ്രീ. കോടിയേരി ബാലകൃഷ്ണന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്ത് സ്വകാര്യ നഴ്സുമാരുടെയും പാരാമെഡിക്കല്‍ ജീവനക്കാരുടെയും സേവനവേതന വ്യവസ്ഥകള്‍ സംബന്ധിച്ച് സര്‍ക്കാര്‍ നിയോഗിച്ച ഏതെങ്കിലും കമ്മീഷന്‍, റിപ്പോര്‍ട്ട് സമര്‍പ്പിച്ചിട്ടുണ്ടോ;

(ബി) ഈ കമ്മീഷനെ നിയോഗിച്ചത് എന്നാണെന്നും റിപ്പോര്‍ട്ട് സമര്‍പ്പിച്ചതെന്നാണെന്നും വെളിപ്പെടുത്താമോ;

(സി) ഈ റിപ്പോര്‍ട്ടിലെ എന്തെല്ലാം നിര്‍ദ്ദേശങ്ങളാണ് ഇതിനകം നടപ്പിലാക്കിയതെന്നും എന്തെല്ലാം നിര്‍ദ്ദേശങ്ങളാണ് നടപ്പിലാക്കാന്‍ ഉദ്ദേശിക്കുന്നതെന്നും വിശദമാക്കാമോ?

# കേരള നിയമസഭ
## 14.02.2013-ലെ മറുപടിക്ക്

<u>സ്വകാര്യ മേഖലയിലെ നേഴ്സ്മാർക്ക് മിനിമം വേതനം</u>

2784 ശ്രീ. എ.പി.അബ്ദുള്ളക്കുട്ടി
,, വി.റ്റി.ബൽറാം
,, ഹൈബി ഈഡൻ
,, ആർ. സെൽവരാജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
തൊഴിലും പുനരധിവാസവും
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്വകാര്യ മേഖലയിലെ നേഴ്സ്മാർക്ക് മിനിമം വേതനം നൽകാൻ രൂപീകരിച്ച പദ്ധതിയുടെ ഉദ്ദേശലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ എന്തെല്ലാം;

(ബി) ഏതെല്ലാം ഏജൻസികളുടെ സഹകരണത്തോടെയാണ് പദ്ധതി നടപ്പാക്കുന്നത്; വിശദമാക്കാമോ;

(സി) ഇതിനായി എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം?

## കേരള നിയമസഭ
## 14.02.2013-ലെ മറുപടിക്ക്

<u>ജില്ലാ ആശുപത്രികളിലെ തൊഴിൽ ബ്ലോക്ക്</u>

2785 ശ്രീ. വി. ഡി. സതീശൻ
,, കെ. ശിവദാസൻ നായർ
,, വർക്കല കഹാർ
,, തേറമ്പിൽ രാമകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ജില്ലാ ആശുപത്രികളിൽ തൊഴിൽ ബ്ലോക്ക് സ്ഥാപിക്കുന്നതിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) തൊഴിലാളികളുടെ ആരോഗ്യസംരക്ഷണം ഉറപ്പാക്കാൻ എന്തെല്ലാം കാര്യങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്; വിശദമാക്കുമോ;

(ഡി) ഏതെല്ലാം വകുപ്പുമായി ചേർന്നാണ് പദ്ധതി നടപ്പാക്കുന്നത് വിശദമാക്കുമോ;

(ഇ) ഏതെല്ലാം രോഗങ്ങൾക്കാണ് പദ്ധതിയിൽകൂടി ചികിത്സ നടത്താനുദ്ദേശിക്കുന്നത്?

**കേരള നിയമസഭ**
**14.02.2013-ലെ മറുപടിക്ക്**

ഇ.എസ്.ഐ. ആശുപത്രികളുടെ പ്രവര്‍ത്തനം

2786 ശ്രീ. കെ. രാധാകൃഷ്ണന്‍
,, കെ. ദാസന്‍
,, സി.കെ. സദാശിവന്‍
ശ്രീമതി. പി. അയിഷാപോറ്റി

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാന സര്‍ക്കാരിന്റെ നിയന്ത്രണത്തിലുള്ള ഇ.എസ്.ഐ. ആശുപത്രികളുടെ പ്രവര്‍ത്തനം തൃപ്തികരമല്ലെന്ന കേന്ദ്ര തൊഴില്‍ മന്ത്രിയുടെ പ്രസ്താവനയുടെ പശ്ചാത്തലത്തില്‍ അവയുടെ പ്രവര്‍ത്തനം വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(ബി) ഇ.എസ്.ഐ. ആശുപത്രികളിലെ ഡോക്ടര്‍മാരുടെ കുറവും മറ്റു സൗകര്യങ്ങളുടെ അപര്യാപ്തതയും പരിഹരിക്കാന്‍ എന്തൊക്കെ നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ;

(സി) മരുന്നുക്ഷാമം പരിഹരിക്കാന്‍ സ്വീകരിച്ചിട്ടുള്ള നടപടികള്‍ അറിയിക്കാമോ?

# കേരള നിയമസഭ
## 14.02.2013-ലെ മറുപടിക്ക്

<u>കശുവണ്ടിതൊഴിലാളികളുടെ ഇ.എസ്.ഐ സാമൂഹ്യ സുരക്ഷാ പദ്ധതി</u>

2787 ശ്രീ. മുല്ലക്കര രത്നാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2012 -ൽ കാഷ്യൂ കോർപ്പറേഷൻ കശുവണ്ടി തൊഴിലാളികൾക്ക് എത്ര ദിവസത്തെ തൊഴിൽ നൽകിയിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ;

(ബി) ആവശ്യമായ തൊഴിൽ ദിനങ്ങൾ ഇല്ലാത്തതിനാൽ തൊഴിലാളികളുടെ ഇ.എസ്.ഐ സാമൂഹിക സുരക്ഷാ പദ്ധതി പ്രതിസന്ധിയിലാണെന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിരുന്നോ; ഇത് പരിഹരിക്കുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 14.02.2013-ലെ മറുപടിക്ക്

<u>കാസർഗോഡ് ജില്ലയിലെ ഇ.എസ്.ഐ ഡിസ്പെൻസറികൾ</u>

2788 ശ്രീ. ഇ. ചന്ദ്രശേഖരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ ഇ.എസ്.ഐ പദ്ധതിയിൽ ഉൾപ്പെട്ട എത്ര തൊഴിലാളികളാണ് ഉള്ളത് എന്ന് അറിയിക്കാമോ;

(ബി) ജില്ലയിൽ എത്ര ഇ.എസ്.ഐ ഡിസ്പെൻസറികളാണ് ഉള്ളതെന്ന് അറിയിക്കാമോ;

(സി) ഇ.എസ്.ഐ ഡിസ്പെൻസറിയും ലോക്കൽ ഓഫീസും തമ്മിൽ എത്ര ദൂരമുണ്ടെന്ന് അറിയിക്കാമോ;

(ഡി) ഇ.എസ്.ഐ ലീവാനുകൂല്യങ്ങൾ വിതരണം ചെയ്യുന്നതിന് സമയപരിധി നിശ്ചയിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്രയെന്ന് അറിയിക്കാമോ;

(ഇ) ആനുകൂല്യ വിതരണത്തിലെ കാലതാമസം ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ;

(എഫ്) കാസർഗോഡ് ജില്ലയിൽ കൂടുതൽ ഇ.എസ്.ഐ ഡിസ്പെൻസറികൾ ആരംഭിക്കാൻ സംസ്ഥാന സർക്കാരിന്റെ ഭാഗത്തുനിന്നും ആവശ്യമായ നടപടികൾ സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 14.02.2013-ലെ മറുപടിക്ക്

എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് നവീകരണം,
ഇന്റർവ്യൂ രീതിയിൽ മാറ്റം

2789 ശ്രീ. തോമസ് ഉണ്ണിയാടൻ
,, സി.എഫ്. തോമസ്
,, റ്റി.യു. കുരുവിള
,, മോൻസ് ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി പത്തോ ഇരുപതോ ഒഴിവുകളിലേക്ക് ആയിരവും രണ്ടായിരവും പേരെ ഇന്റർവ്യൂവിന് അയക്കുന്ന അശാസ്ത്രീയ രീതി പുന:പരിശോധിക്കുവാൻ നടപടികൾ ഉണ്ടാകുമോ; വിശദാംശം ലഭ്യമാക്കുമോ;

(ബി) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളെ നവീകരിക്കുന്നതിനും സ്വകാര്യ മേഖലയിൽ ഉൾപ്പെടെ തൊഴിലാളികളെ ലഭ്യമാക്കുന്നതിനും ഇവയെ ഉപയോഗപ്പെടുത്തുവാൻ എന്തൊക്കെ നടപടികൾ ഉണ്ടാകുമെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 14.02.2013-ലെ മറുപടിക്ക്

<u>എംപ്ലോയ്മെന്റ് എക്സിചേഞ്ചുകളിൽ രജിസ്റ്റർ ചെയ്തവർ</u>

2790 ശ്രീ. ഇ.പി. ജയരാജൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേരു രജിസ്റ്റർ ചെയ്ത തൊഴിൽരഹിതർ എത്രയാണെന്നും സ്ത്രീകൾ എത്ര/ പുരുഷൻമാർ എത്രയെന്നും വ്യക്തമാക്കുമോ;

(ബി) സംസ്ഥാനത്തെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേരു രജിസ്റ്റർ ചെയ്ത തൊഴിൽ രഹിതരിൽ 40 വയസ്സു കഴിഞ്ഞവർ എത്ര പേരുണ്ടെന്നും അതിൽ സ്ത്രീകൾ എത്രയെന്നും പുരുഷൻമാർ എത്രയെന്നും വ്യക്തമാക്കുമോ;

(സി) ഒരു വർഷം വിവിധ വകുപ്പുകളിൽ നിന്നും എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിലേക്ക് ശരാശരി എത്ര തസ്തികകൾ നിയമനങ്ങൾക്കായി അറിയിക്കാറുണ്ടെന്നു വ്യക്തമാക്കുമോ;

(ഡി) ഏറ്റവും കുറച്ചു തസ്തികകൾ റിപ്പോർട്ട് ചെയ്യുന്ന വകുപ്പുകൾ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ;

(ഇ) സർക്കാർ വകുപ്പുകളിലും പൊതുമേഖലാ സ്ഥാപനങ്ങളിലും വിവിധ സർക്കാർ ഏജൻസികളിലും വരുന്ന താൽക്കാലികവും കോൺട്രാക്റ്റ് അടിസ്ഥാനത്തിലുമുള്ള ഒഴിവുകൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ റിപ്പോർട്ട് ചെയ്തു നിയമനം നടത്തണമെന്ന് കർശന നിർദ്ദേശം നൽകുന്ന നിയമനിർമ്മാണത്തിന് തയ്യാറാകുമോ?

# കേരള നിയമസഭ
## 14.02.2013-ലെ മറുപടിക്ക്

<u>സ്കിൽ ഡെവലപ്മെന്റ് പ്രോഗ്രാം</u>

2791 ശ്രീ. ഹൈബി ഈഡൻ
,, എ. റ്റി. ജോർജ്
,, പി. എ. മാധവൻ
,, ആർ. സെൽവരാജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്കിൽ ഡെവലപ്മെന്റ് പ്രോഗ്രാം ആരംഭിക്കുവാൻ പദ്ധതി രൂപീകരിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) പ്രസ്തുത പ്രോഗ്രാമിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ് ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) ഏതെല്ലാം ഏജൻസികളുടെ സഹകരണത്തോടെയാണ് പദ്ധതി നടപ്പാക്കുന്നത് ; വിശദമാക്കുമോ ;

(ഡി) ഇതിനായി എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം ?

# കേരള നിയമസഭ
## 14.02.2013-ലെ മറുപടിക്ക്

<u>ഐ. ടി.ഐ.കളുടെ നവീകരണം</u>

2792 ശ്രീ. എം. എ. വാഹീദ്
'' പി. സി. വിഷ്ണുനാഥ്
'' സണ്ണി ജോസഫ്
'' ഡോമിനിക് പ്രസന്റേഷൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനഃരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഐ. ടി.ഐ കൾ നവീകരിച്ച് സ്കിൽ വികസന രംഗത്തുള്ള കുതിച്ച് ചാട്ടത്തിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഏതെല്ലാം ഏജൻസികളുടെ സഹകരണത്തോടെയാണ് പദ്ധതി നടപ്പാക്കുന്നത് വിശദമാക്കുമോ;

(ഡി) ഇതിനായി എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം?

## കേരള നിയമസഭ
## 14.02.2013-ലെ മറുപടിക്ക്

<u>കൊണ്ടോട്ടി ഐ. ടി. ഐ.</u>

2793 ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൊണ്ടോട്ടി മണ്ഡലത്തിൽ ഒരു ഐ. ടി. ഐ. വേണമെന്ന ആവശ്യത്തിന്മേൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ ;

(ബി) ഐ. ടി. ഐ. എന്നത്തേക്ക് ആരംഭിക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 14.02.2013-ലെ മറുപടിക്ക്

<u>പീരുമേട് ടീ കമ്പനി തുറന്നു പ്രവര്‍ത്തിക്കുന്നതിനുള്ള നടപടി</u>

2794 ശ്രീമതി. ഇ. എസ്. ബിജിമോള്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) പീരുമേട് നിയോജക മണ്ഡലത്തില്‍ കഴിഞ്ഞ 14 വര്‍ഷമായി അടഞ്ഞുകിടക്കുന്ന പീരുമേട് ടീ കമ്പനി സര്‍ക്കാര്‍ ഏറ്റെടുത്ത് തുറന്നു പ്രവര്‍ത്തിപ്പിക്കുവാന്‍ നടപടി സ്വീകരിക്കുമോ;

(ബി) പൂട്ടി കിടക്കുന്ന തോട്ടങ്ങളിലെ ലയങ്ങള്‍ താമസയോഗ്യമാക്കുവാന്‍ അറ്റകുറ്റപണികള്‍ നടത്തുവാന്‍ ഇപ്പോള്‍ എന്തൊക്കെ നടപടി സ്വീകരിച്ചു വരുന്നു;

(സി) സംസ്ഥാന ബഡ്ജറ്റില്‍ പ്രഖ്യാപിച്ചിട്ടുളള തോട്ടം തൊഴിലാളികള്‍ക്കുള്ള ഭവന നിര്‍മ്മാണ പദ്ധതി ഇപ്പോള്‍ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
# 14.02.2013-ലെ മറുപടിക്ക്

<u>സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയിലെ സ്മാർട്ട് കാർഡ്</u>

2795 ശ്രീമതി. ഇ.എസ്. ബിജിമോൾ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സമഗ്ര ആരോഗ്യ ഇൻഷുറൻസ് പദ്ധതിയുടെ സ്മാർട്ട് കാർഡിന്റെ ഫോട്ടോ എടുക്കലും വിതരണവും ഏത് ഏജൻസി വഴിയാണ് നടപ്പിലാക്കുന്നത്;

(ബി) ഇടുക്കി, എറണാകുളം, തൃശ്ശൂർ, കോഴിക്കോട് എന്നീ ജില്ലകളിൽ കഴിഞ്ഞ വർഷം മെഡ്സേവ് എന്ന തേർഡ് പാർട്ടി ഏജന്റ് തേർഡ് പാർട്ടി ഫണ്ട് വഴി വിതരണം നടത്തിയതുമൂലം നിരവധി അപാകതകൾ ഉണ്ടായത് സർക്കാരിന്റെ ശ്രദ്ധയിൽ പ്പെട്ടിരുന്നോ;

(സി) 16.05.2012 ലെ സർക്കാർ ഉത്തരവ് (എം.എസ്) നമ്പർ 70/2012 തൊഴിൽ പ്രകാരം രാഷ്ട്രീയസ്വാസ്ഥ്യാ ബീമാ യോജന യുടെ സ്മാർട്ട് കാർഡ് പുതുക്കൽ അക്ഷയ കേന്ദ്രങ്ങൾ വഴി മാത്രമേ നടത്താവൂ എന്ന ഉത്തരവ് നിലനിൽക്കെ മറ്റ് ഏജൻസികളെ കാർഡ് പുതുക്കുവാൻ ചുമതലപ്പെടുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഒഴിവാക്കുമോ?

# കേരള നിയമസഭ
## 14.02.2013-ലെ മറുപടിക്ക്

<u>സമഗ്ര ആരോഗ്യ ഇൻഷുറൻസ് പദ്ധതി</u>

T2796 ശ്രീ. എ. എം. ആരിഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളത്തിന്റെ സമഗ്ര ആരോഗ്യ ഇൻഷുറൻസ് പദ്ധതിയ്ക്കായി കഴിഞ്ഞ ബജറ്റിൽ എത്ര കോടി രൂപ വകയിരുത്തിയിരുന്നു എന്ന് വ്യക്തമാക്കുമോ;

(ബി) ബജറ്റിൽ വകയിരുത്തിയ തുകയിൽ 2012 ജൂൺ വരെ നൽകിയത് എത്ര; പ്രസ്തുത കാലയളവിൽ നൽകേണ്ട തുകയിൽ കുടിശ്ശിക വരുത്തിയിട്ടുണ്ടോ; എങ്കിൽ എത്ര; വ്യക്തമാക്കുമോ;

(സി) ഇൻഷുറൻസ് നിയമമനുസരിച്ച് പ്രാബല്യം ലഭിക്കുന്നതിന് പ്രീമിയം മുൻകൂർ നൽകേണ്ടതുണ്ടോ;

(ഡി) എങ്കിൽ സമഗ്ര ആരോഗ്യ ഇൻഷുറൻസ് പദ്ധതി പ്രകാരം സർക്കാർ നൽകേണ്ട തുകയിൽ കുടിശ്ശിക വരുത്തുന്നത് പ്രസ്തുത പദ്ധതിയെ പ്രതിസന്ധിയിലാക്കില്ലേ; വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 14.02.2013-ലെ മറുപടിക്ക്

<u>പ്ലാന്റേഷൻ ലേബർ ആക്ട് പ്രകാരമുള്ള ആനുകൂല്യങ്ങൾ</u>

2797 ഡോ: ടി.എം. തോമസ് ഐസക്
ശ്രീ. സാജു പോൾ
,, സി. കൃഷ്ണൻ
,, വി. ചെന്താമരാക്ഷൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തോട്ടം തൊഴിലാളികളുടെ തൊഴിൽ സാഹചര്യങ്ങളും താമസ സൗകര്യവും മെച്ചപ്പെടുത്തുന്നതിനായി സർക്കാർ എന്തെങ്കിലും നടപടി സ്വീകരിക്കാനുദ്ദേശിക്കുന്നുണ്ടോ; വിശദാംശം ലഭ്യമാക്കാമോ ;

(ബി) പ്ലാന്റേഷൻ ലേബർ ആക്ട് പ്രകാരം തൊഴിലാളികൾക്ക് ലഭിക്കേണ്ട ആനുകൂല്യങ്ങളെല്ലാം ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്താൻ കഴിഞ്ഞിട്ടുണ്ടോ;

(സി) കൂലി, ബോണസ്സ് എന്നിവയിൽ വിവിധ മാനേജ്മെന്റുകൾ കാണിക്കുന്ന വിവേചനം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇവ പരിഹരിക്കുവാനായി എന്തെല്ലാം നടപടികൾ സ്വീകരിക്കുവാനുദ്ദേശിക്കുന്നു എന്നറിയിക്കുമോ?